ഉത്തരം

(എ) ഉണ്ട്.

(ബി) നാലു പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

സിറ്റി സർവ്വീസ് നടത്തുന്ന നഗരങ്ങൾ

98 [2225] ശ്രീ. പി. ജെ. ജോയി:

" എ. പി. അനിൽകുമാർ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് നടത്തുന്നുണ്ട്;

(ബി) എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് സിറ്റി സർവ്വീസ് നടത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) പ്രസ്തുത നഗരങ്ങളിൽ സിറ്റി സർവ്വീസ് ലാഭകരമായി നടത്തുവാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ സിറ്റി സർവ്വീസ് നടത്തുന്നുണ്ട്.

(ബി) പരിഗണനയിൽ ഇല്ല.

(സി ആന്റ് ഡി) ധാരാളം പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന ഈ നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല.

കിളിമാനൂർ ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ നടപടി

99 [2226] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) ഏതെങ്കിലും ഷെഡ്യൂൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഏതെല്ലാം ഷെഡ്യൂളുകളാണ് നിർത്തലാക്കിയത്;

(ഡി) നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(ഇ) നിർത്തലാക്കിയ ഷെഡ്യൂളുകൾ സമയം ക്രമീകരിച്ച് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 53 ഷെഡ്യൂളുകൾ.

(ബി) ഉണ്ട്.

(സി) കിളിമാനൂർ-കല്ലറ-മൈലാമൂട് സർവ്വീസും കിളിമാനൂർ-വെള്ളല്ലൂർ സർവ്വീസും നിർത്തലാക്കി.

(ഡി) ഈ രണ്ട് സർവ്വീസുകളും തുടർച്ചയായി നഷ്ടത്തിൽ ഓടിച്ചിരുന്നതിനാൽ നിർത്തൽ ചെയ്യേണ്ടിവന്നു.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഇടുക്കി ജില്ലയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ

100 [2227] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്, ഇതിൽ അന്തർ സംസ്ഥാന സർവ്വീസുകൾ എത്രയാണ്, ഇവ ഏതൊക്കെ റൂട്ടിലുള്ളതാണ്;

(ബി) ഷെഡ്യൂളുകൾ നിർത്തലാക്കുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഷെഡ്യൂളുകൾ പുനഃസ്ഥാപിച്ച് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലയിൽ പുതിയതായി ഷെഡ്യൂളുകൾ ആരംഭിക്കുന്നതിന് റൂട്ടുകൾ നിർദ്ദേശിച്ചു കൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം റൂട്ടുകളാണ് പരിഗണിച്ചിട്ടുള്ളത്; എന്നുമുതൽ സർവ്വീസ് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 18 ഷെഡ്യൂളുകൾ കുറവ് ചെയ്തു. (ഇതിനു പകരമായി പുതുതായി തുടങ്ങിയ കുമിളി ഡിപ്പോയിൽനിന്നും 36 ഷെഡ്യൂളുകൾ പുതുതായി തുടങ്ങുകയും ചെയ്തു). അന്തർ സംസ്ഥാന സർവ്വീസുകൾ ഒന്നും തന്നെ ക്യാൻസൽ ചെയ്തിട്ടില്ല.

(ബി) വരുമാനം തീരെ കുറവായതിനാലാണ് ചില ഷെഡ്യൂളുകൾ നിർത്തലാക്കേണ്ടി വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly